# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2956 13/07/2015-ൽ മറുപടിയ്ക്ക്**

## മാതൃകാ മത്സ്യഗ്രാമപദ്ധതി

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) വിഴിഞ്ഞം, പുല്ലുവിള എന്നീ മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നുള്ള 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും വിഴിഞ്ഞം, പുല്ലുവിള എന്നീ ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2014-15 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 1168 ലക്ഷം രൂപയുടെ പുല്ലുവിള മത്സ്യഗ്രാമ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്.<br><br>വിഴിഞ്ഞം മത്സ്യഗ്രാമ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ആവശ്യം ഭവന ലഭ്യത വർദ്ധിപ്പിക്കുക, വീടില്ലാത്ത എല്ലാപേർക്കും വീട് ലഭ്യമാക്കുക എന്നതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി നടത്തിയ അന്വേഷണത്തിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള 1 ഏക്കർ ഭൂമിയും , വിഴിഞ്ഞം ക്രിസ്ത്യൻ പള്ളിയുടെ അധീനതയിലുള്ള 2 ഏക്കർ ഭൂമിയും കണ്ടെത്തിയിരുന്നു. എന്നാൽ മേൽപ്പറഞ്ഞ ഭൂമി ഭവന നിർമ്മാണത്തിനായി തടസ്സങ്ങളില്ലാതെ ലഭ്യമാകും എന്ന ഉറപ്പ് വിഴിഞ്ഞം ക്രിസ്ത്യൻ പള്ളിയുടെ അധികാരികളിൽ നിന്നും ഇതുവരെയും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതി റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ടി മത്സ്യഗ്രാമങ്ങളിൽ നടപ്പിലാക്കിയതെന്നും, അതിനായി ചെലവഴിച്ച തുക എത്രയെന്നും ഇനങ്ങൾ തിരിച്ചു വ്യക്തമാക്കുമോ. | |

സെക്ഷൻ ആഫീസർ